# കുട്ടികള്ക്കായുള്ള ബൈബിൾ

## അവതരണം

## കർഷകനും വിത്തും



എഴുതിയത് : Edward Hughes
ഉദാഹരണം : M. Maillot; Lazarus
അംഗികരിച്ചത് : E. Frischbutter; Sarah S.
തര്ജ്ജിമ ചെയുതത് : Rev. Benny
Alastair Paterson
നിര്മ്മിച്ചത് : Bible for Children
www.M1914.org

BFC
PO Box 3
Winnipeg, MB R3C 2G1
Canada

©2020 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും
അധികാരം ഉണ്ട്.

ഒരുദിവസം യേശു ഒരു
തടാകത്തിന്റെ അടുത്തിരുന്ന്
പഠിപ്പിക്കു കയായിരുന്നു.



അവനെ കേൾക്കുവാൻ ധാരാളം ആളുകൾ കടന്നുവന്നു, വളരെ വലിയ ജനക്കൂട്ടമായിത്തീർന്നു.



യേശു എന്തു ചെയ്തുകാണും?

അടുത്തൊരു വള്ളം കണ്ടപ്പോൾ
യേശു അതിൽ കയറി നിന്നു. ഇപ്പോൾ
യേശുവിന് ജനക്കൂട്ടത്തെയും
അവർക്ക് യേശുവിനെയും
കാണുവാൻ കഴിയും.



യേശു ഉപമകൾ --- സാധാരണ
കാര്യങ്ങളെക്കുറിച്ചുള്ള കഥകൾ
പറയുവാൻ തുടങ്ങി. അതിലൂടെ
ദൈവത്തെക്കുറിച്ച് അവൻ
ജനങ്ങളെ പഠിപ്പിച്ചു.



“ഒരു കൃഷിക്കാരൻ തന്റെ വയലിൽ വിത്ത് വിതച്ചു,” യേശുവിന്റെ കഥകൾ വരച്ച ഒരു ചിത്രത്തെക്കാൾ വാക്കുകൾ കൊുള്ള ചിത്രംപോലെയായിരുന്നു.



കൃഷിക്കാരൻ പണിയെടുക്കുന്നത് ജനങ്ങൾക്ക് ചിത്രീകരിക്കുവാൻ കഴിയും. അവരത് പലതവണ കിട്ടു്.



താൻ വിതറിയ ചില വിത്തുകൾ
വഴിയരികെ വീണു. ശ്ശ്ള!
പക്ഷികൾ ശീഘ്രത്തിൽ പറന്നെത്തി.
അതു കൊത്തിയെടുത്തുകൊ്
പറന്നകന്നു.



ചില വിത്തുകൾ വയലിലെ
പാറസ്ഥലത്ത് വീണു. അത് അതിവേഗം
പച്ചപിടിച്ചും പുഷ്ടിവെച്ചും വളരുവാൻ
തുടങ്ങി. സൂര്യന്റെ ചൂട്
അടിച്ചപ്പോൾ അത്
ഉണങ്ങിപ്പോയി,
കാരണം അധികം
മണ്ണില്ലാത്ത പാറപ്പുറത്ത്
എവിടെ വേര് ഓടാൻ?



മറ്റു ചില വിത്തുകൾ മുള്ളിനിടയിലാണു വീണത്. അത് ഫലം പുറപ്പെടുവിച്ചില്ല. ആവശ്യമായ സൂര്യപ്രകാശത്തെയും മഴയെയും മറച്ചുകൊണ്ട് ആ ചെറിയ ചെടികൾക്ക് ചുറ്റും മുള്ളുകൾ നിറഞ്ഞു നിന്നു.



ബാക്കിയുള്ള വിത്തുകൾ വീണത് നല്ല നിലത്താണ്. സമയം വന്നപ്പോൾ, മുളകളെല്ലാം നല്ല ആരോഗ്യമുള്ള ചെടികളായിത്തീരുകയും ധാരാളം പുതിയ ധാന്യങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. ആ കർഷകൻ വളരെ സന്തുഷ്ടനായിക്കാണും.



കഥ തീർന്നപ്പോൾ ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ വന്നിട്ട് ചോദിച്ചു: “നീ എന്തുകൊണ്ടാണ് ഉപമകൾ പഠിപ്പിക്കുന്നത്?”



ജനങ്ങൾ ദൈവത്തെ യഥാർത്ഥമായി സ്നേഹിക്കുന്നുവെങ്കിൽ അവർക്ക് ദൈവത്തെക്കുറിച്ച് മനസ്സിലാക്കുവാൻ ഉപമകൾ സഹായിക്കുമെന്ന് യേശു പറഞ്ഞു. ദൈവത്തെ സ്നേഹിക്കാത്തവർക്ക് ഉപമകൾ





യേശു ആ ഉപമ വിശദീകരിച്ചു. വിത്ത്
ദൈവവചനമാകുന്നുവെന്ന് യേശു പറഞ്ഞു.
വഴിയോരത്തു വീണ വിത്ത് വചനം കേട്ടുവെങ്കിലും
അത് മനസ്സിലാകാത്ത
ചിലരെക്കുറിച്ചാണ്.
ദൈവം പറഞ്ഞത്
മറക്കുവാൻ
അവരെ
സാത്താൻ
പ്രേരിപ്പിക്കുന്നു.

ചില ആളുകൾ ദൈവവചനം വളരെവേഗം
കൈക്കൊള്ളും. അവർ പാറപ്പുറത്തെ വിത്തുപോലെയാണ്.
എന്നാൽ അവർ ദൈവത്തെ സ്നേഹിക്കുന്നതുമൂലം ചിലർ
ആക്ഷേപിക്കയോ ചില പ്രയാസങ്ങൾ നേരിടുകയോ
ചെയ്യുമ്പോൾ ദുഃഖകരമായത്
സംഭവിക്കുന്നു.



സന്തോഷത്തോടെ യേശുവിനെ
അനുഗമിക്കുവാൻ തുടങ്ങിയ അവർ
ദൈവത്തിൽനിന്ന് അകന്നുപോകയും
ദൈവവചനം അനുസരിക്കുന്നത്
അവസാനിപ്പിക്കുകയും ചെയ്യുന്നു.



ദൈവത്തെ അനുഗമിക്കുന്നതിന് വില
നൽകുവാൻ അവർ താത്പര്യപ്പെടുന്നില്ല.
ദൈവത്തെ പ്രസാധിപ്പിക്കുന്നതിനുപകരം
അവർ സുഹൃത്തുക്കളെ പ്രസാധിപ്പിക്കുവാൻ
ആഗ്രഹിക്കുന്നു എന്നത് എത്രയോ
ദുഃഖകരമായ അവസ്ഥയാണ്!



ഉപമയിലെ
മുള്ളുകളാകട്ടെ,
മനുഷ്യജീവിതത്തിൽ
നിറഞ്ഞിരിക്കുന്ന
ലോകൈക ചിന്തകളും
ധനമോഹവുമാകുന്നു.
ധനവും മറ്റ് വസ്തുതകളും
നേടുന്നതിൽ അവർ വളരെ
തിരക്കേറിയവരായതിനാൽ
തങ്ങളുടെ
ജീവിതത്തിൽനിന്ന്
അവർ ദൈവത്തെ
പുറന്തള്ളിക്കളയുന്നു.



എന്നാൽ നല്ല നിലത്തു വീണ് നല്ല വിളവു നല്കിയ വിത്ത് ദൈവവചനം ഹൃദയത്തിൽ പ്രവേശിച്ച് മനുഷ്യ ജീവിതത്തിൽ മാറ്റം വരുത്തുന്നതാണ്. ഈ മനുഷ്യർ ദൈവത്തെ മാനിക്കയും സേവിക്കയും ചെയ്യും.



പുരുഷാരം വിട്ടു പോകുവാൻ താത്പര്യപ്പെട്ടില്ല. ധാരാളം ആളുകൾ ദൈവത്തെ പ്രസാധിപ്പിക്കുവാനും അനുഗമിക്കുവാനും ആഗ്രഹിച്ചു. ദൈവത്തെ അനുസരിക്കുന്നതെങ്ങനെയെന്ന് യേശുവിന്റെ ഉപമകളിലൂടെ അവർ പഠിച്ചു.



കർഷകനും വിത്തും

# ദൈവവചനത്തില് നിന്നും ഒരു കഥ.

# ബൈബിളില് നിന്നുംഎടുത്തത്.

മത്തായി 13

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിര്ത്തനം 119:130

# അവസാനം

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട് തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങള്ക്ക് വേണ്ടി ക്രുശിൽ മരിക്കേണ്ടതിന് ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തില്നിന്നും ഉയിര്ത്തെഴുന്നേറ്റു സ്വര്ഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക് വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ. ഒരു ദിവസം